കാസർഗോഡ്-മഞ്ചേശ്വരം മണ്ഡലങ്ങളിലെ കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ സംരക്ഷണം

28 [1710] *ശ്രീ. ചെർക്കളം അബ്ദുള്ള*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-മഞ്ചേശ്വരം മണ്ഡലങ്ങളിലെ കന്നടഭാഷാ ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഇതുവരെയായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കന്നട ഭാഷാ ന്യൂനപക്ഷങ്ങളുടെ പരാതികളിൽ നടപടികൾക്കായി കാസർഗോഡ് കളക്ടറേറ്റിൽ കന്നടഭാഷാ ന്യൂനപക്ഷ സെൽ രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുമായി കൂടുതൽ സമ്പർക്കമുള്ള റവന്യൂ, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, സിവിൽസപ്ലൈസ് എന്നീ വകുപ്പുകളിൽ ഫാറങ്ങളും നോട്ടീസുകളും മറ്റും കന്നടഭാഷയിൽ ലഭ്യമാക്കുന്നു. മറ്റു വകുപ്പുകളിലും ഇവ കന്നട ഭാഷയിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് താലൂക്കിൽ റേഷൻ കാർഡുകൾ കന്നട/മലയാളം ഭാഷയിൽ വിതരണം ചെയ്യുന്നു. സ്ഥലനാമങ്ങൾ, ബസ്റ്റോപ്പുകൾ, സർക്കാർ ഓഫീസുകളുടെ ബോർഡുകൾ എന്നിവ കന്നഡ ഭാഷയിലും പ്രദർശിപ്പിക്കുന്നു. താലൂക്കിൽ വോട്ടേഴ്സ് ലിസ്റ്റ് കന്നഡ ഭാഷയിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജില്ലയിലെ വിവിധ ആഫീസുകളിൽ കന്നഡഭാഷാ പരിജ്ഞാനമുള്ള എൽ.ഡി. ക്ലാർക്കുമാരുടെ തസ്തിക നിജപ്പെടുത്തിയിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ജില്ലാ ഭാഷാ ന്യൂനപക്ഷ സമിതി പ്രവർത്തിക്കുന്നു. കന്നട ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ നൽകുന്നതിനുള്ള സംവിധാനവും കാസർഗോഡ് മഞ്ചേശ്വരം ഗവ.കോളേജുകളിൽ 5% സീറ്റ് സംവരണം, കാസർഗോഡ് ഉദുമ പ്രദേശങ്ങളിലെ +2 സ്കൂളുകളിൽ ഭാഷാ ന്യൂനപക്ഷത്തിന് 5% സീറ്റ് സംവരണം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാണ്.

(ബി) സംസ്ഥാന ഭാഷാ ന്യൂനപക്ഷ സമിതിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ അവശ്യം വേണ്ട നടപടികൾ സമയാസമയങ്ങളിൽ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly